"ഭരണഭാഷ- മാതൃഭാഷ"

# കേരള സർക്കാർ

## സംഗ്രഹം

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് - OP (KAT) 343/2021 നമ്പരായുള്ള ഹർജിയിന്മേൽ 19.01.2022-ൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിനടിസ്ഥാനത്തിൽ 18/08/2015-ൽ റദ്ദായ കാസറഗോഡ് ജില്ലയിലെ ക്ലർക്ക്-ടൈപ്പിസ്റ്റ് റാങ്ക് പട്ടികയിൽ (കാറ്റഗറി നം. 17/2006) ഉൾപ്പെട്ടിരുന്ന ശ്രീ. സുരേന്ദ്രൻ. കെ., ശ്രീമതി. സുഭാഷിണി. വി. എന്നിവർക്ക് കാസറഗോഡ് ജില്ലയിൽ ആരോഗ്യ വകുപ്പിൽ ക്ലർക്ക്-ടൈപ്പിസ്റ്റ് തസ്തികയിൽ നിലവിലുള്ള ഒഴിവുകളിലേക്ക് കെ.എസ്. & എസ്.എസ്.ആർ. ഭാഗം II ചട്ടം 39 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ വിവേചനാധികാരം പ്രയോഗിച്ചുകൊണ്ട് നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പ്**

സ.ഉ.(കൈ) നം.10/2022/ഉ.ഭ.പ.വ. തീയതി, തിരുവനന്തപുരം, 27-05-2022

---

പരാമർശം:-

1. സ.ഉ. (പി) നം. 11/08/ഉ.ഭ.പ.വ. തീയതി: 20.12.2008.
2. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA (EKM) 1094/2015-മേലുള്ള 04/08/2017 ലെ വിധിന്യായം.
3. ശ്രീ. സുരേന്ദ്രൻ.കെ., ശ്രീമതിമാർ സുഭാഷിണി.വി., ബിന്ദു.റ്റി എന്നിവരുടെ 29/07/2017 ലെ നിവേദനം.
4. കേരള പബ്ലിക് സർവീസ് കമ്മീഷൻ സെക്രട്ടറിയുടെ 31/10/2018 തീയതിയിലെ AV(1)8038/2015/GW നമ്പർ കത്ത്.
5. സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറുടെ 14.05.2019-ലെ E2-4769/19 നമ്പർ കത്ത്.
6. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 23/05/2019-ലെ ഇ.ഡി4-26207/2019/ആ.വ.ഡ നമ്പർ അർദ്ധ ഔദ്യോഗിക കത്ത്.
7. സ.ഉ. (കൈ) നം. 06/2020/ഉ.ഭ.പ.വ. തീയതി: 29/05/2020.
8. OA (EKM) No. 1432/2020-ൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 26/10/2021-ൽ പുറപ്പെടുവിച്ച ഉത്തരവ്.
9. ബഹു. ഹൈക്കോടതി OP (KAT) No. 343/2021 അന്യായത്തിന്മേൽ 19/01/2022-ൽ പുറപ്പെടുവിച്ച വിധിന്യായം.

## ഉത്തരവ്

കാസറഗോഡ് ജില്ലയിൽ 17/02/2011-ൽ പ്രസിദ്ധീകരിച്ച ക്ലർക്ക്-ടൈപ്പിസ്റ്റ് (കാറ്റഗറി നമ്പർ 17/2006) തസ്തികയുടെ റാങ്ക് പട്ടികയിൽ ശ്രീമതി. സുഭാഷിണി. വി., ശ്രീ. സുരേന്ദ്രൻ. കെ., ശ്രീമതി. ബിന്ദു. റ്റി. എന്നിവർ യഥാക്രമം 29, 30,

33 എന്നീ റാങ്കുകളോടെ ഉൾപ്പെട്ടിരുന്നു. പരാമർശം (1) ഉത്തരവിനടിസ്ഥാനത്തിൽ അന്ന് നിലവിലുണ്ടായിരുന്ന എൽ.ഡി. ടൈപ്പിസ്റ്റിന്റെയും ക്ലർക്ക്-ടൈപ്പിസ്റ്റിന്റെയും യോഗ്യതകളിൽ സമാനത വരികയും പി.എസ്.സി. 20/12/2008-നുശേഷം റിപ്പോർട്ട് ചെയ്ത ക്ലർക്ക്-ടൈപ്പിസ്റ്റ് ഒഴിവുകൾ പ്രസ്തുത ജില്ലയിൽ നിലവിലുണ്ടായിരുന്ന എൽ.ഡി. ടൈപ്പിസ്റ്റ് റാങ്ക് പട്ടികയിൽ നിന്നും നികത്തുകയും 18/08/2015-ന് റാങ്ക് പട്ടിക റദ്ദാവുകയും ചെയ്തതിനാൽ ടിയാളുകൾക്ക് നിയമനം ലഭിക്കുകയുണ്ടായില്ല. നിയമന ശിപാർശ ലഭിക്കാത്തതിനെത്തുടർന്ന് ശ്രീ. സുരേന്ദ്രൻ. കെ., ശ്രീമതി. സുഭാഷിണി. വി., ശ്രീമതി. ബിന്ദു. റ്റി. എന്നിവർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ OA (EKM) 1094/2015 ഫയൽ ചെയ്യുകയും ആയതിന്മേൽ ബഹു. ട്രിബ്യൂണൽ പരാമർശം (2)-ാമതായി വായിച്ചിട്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുകയും ആയത് സർക്കാർ പരിശോധിക്കുകയും റാങ്ക് പട്ടിക 18/08/2015-ൽ റദ്ദായ സാഹചര്യത്തിൽ ഹർജിക്കാരുടെ ആവശ്യം നിരാകരിച്ച് പരാമർശം (7) ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

2. ടി ഉത്തരവിനെതിരെ ശ്രീ. സുരേന്ദ്രൻ. കെ., ശ്രീമതി. സുഭാഷിണി. വി. എന്നിവർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ OA (EKM) 1432/2020 കേസ് ഫയൽ ചെയ്യുകയുണ്ടായി. പരാമർശം (8) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ ചട്ടം 39 പ്രയോഗിക്കുന്നത് സംബന്ധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതിന് സർക്കാരിനുള്ള വിവേചനാധികാരം ബഹു. ട്രിബ്യൂണൽ ശരിവയ്ക്കുകയും ടിയാളുകളുടെ അപേക്ഷ തള്ളുകയും ചെയ്തിരുന്നു. പ്രസ്തുത ഉത്തരവ് ചോദ്യം ചെയ്ത് അപേക്ഷകർ ബഹു. ഹൈക്കോടതിയെ സമീപിക്കുകയും ബഹു. ഹൈക്കോടതി കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (8) ഉത്തരവിനെ അസാധുവാക്കുകയും പരാമർശം (7)-ാമതായി വായിച്ച സർക്കാർ ഉത്തരവ് റദ്ദാക്കുകയും പരാതിക്കാരുടെ ദുരവസ്ഥ പരിഗണിച്ച് നിയമനം സംബന്ധിച്ച വിഷയം അർഹിക്കുന്ന അനുകമ്പയോടെ പരിശോധിക്കുന്നതിനും KS&SSR ചട്ടം 39 അനുശാസിക്കുന്ന അധികാരം പ്രയോഗിച്ച് ഹർജിക്കാരുടെ പരാമർശം (2)-ാമതായി വായിച്ച നിവേദനം രണ്ടു മാസത്തിനുള്ളിൽ തീർപ്പാക്കണമെന്നും സർക്കാരിന് നിർദ്ദേശം നൽകിക്കൊണ്ട് ബഹു. ഹൈക്കോടതി പരാമർശം (9) പ്രകാരം ഉത്തരവായി.

3. സർക്കാർ ഈ വിഷയം വീണ്ടും പരിശോധിച്ചു ക്ലർക്ക്-ടൈപ്പിസ്റ്റ് റാങ്ക് പട്ടികയിൽ നിന്നും 34 നിയമന ശിപാർശകൾ നൽകിയിട്ടുണ്ടെന്നും ക്ലർക്ക്-ടൈപ്പിസ്റ്റ് തസ്തികയിലെ 11 ഒഴിവുകൾ എൽ.ഡി. ടൈപ്പിസ്റ്റ് റാങ്ക് പട്ടികയിൽ നിന്നും നികത്തിയിട്ടുണ്ടെന്നും 11 ഒഴിവുകൾ ക്ലർക്ക്-ടൈപ്പിസ്റ്റ് പട്ടികയിൽ നിന്നുതന്നെ നികത്തിയിരുന്നെങ്കിൽ ശ്രീമതി. സുഭാഷിണി. വി., ശ്രീ. സുരേന്ദ്രൻ. കെ. എന്നിവർക്ക് സാമൂഹ്യനീതി, ആരോഗ്യം എന്നീ വകുപ്പുകളിൽ നിയമനം ലഭിക്കുമായിരുന്നെന്നും ശ്രീമതി. ബിന്ദു.റ്റിയ്ക്ക് നിയമനം ലഭിക്കുമായിരുന്നില്ലായെന്നും പരാമർശം (4) പ്രകാരം പി.എസ്.സി. അറിയിക്കുകയുണ്ടായി. കാസറഗോഡ് ജില്ലയിൽ സാമൂഹ്യനീതി വകുപ്പിൽ ക്ലർക്ക്-ടൈപ്പിസ്റ്റ് തസ്തികയിൽ നിലവിൽ ഒഴിവില്ലെന്നും സമീപഭാവിയിൽ ഒഴിവുണ്ടാകാൻ സാധ്യതയില്ലെന്നും സാമൂഹ്യ നീതി വകുപ്പ് പരാമർശം (5) പ്രകാരം അറിയിക്കുകയുണ്ടായി. ആരോഗ്യ വകുപ്പിൽ കാസറഗോഡ് ജില്ലയിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത 3 ഒഴിവുകളിൽ ഒരൊഴിവ് പി.എസ്.സി. തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് മാറ്റിവച്ചിട്ടുള്ളതായും മറ്റ് രണ്ട് ഒഴിവുകളിൽ ഒന്ന് OX കമ്മ്യൂണിറ്റിക്കും മറ്റൊന്ന് Differently abled (low vision)-നും മാറ്റിവച്ചിട്ടുണ്ടെന്നും, നിലവിലുണ്ടായിരുന്ന റാങ്ക് പട്ടികയിൽ മേൽ സംവരണ പട്ടികവിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ ഇല്ലെന്നും പരാമർശം (6) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ സർക്കാരിനെ അറിയിക്കുകയുണ്ടായി.

4. 18/08/2015-ൽ റദ്ദായ കാസറഗോഡ് ജില്ലയിലെ കാറ്റഗറി നമ്പർ 17/2006 ക്ലർക്ക്-ടൈപ്പിസ്റ്റ് റാങ്ക് പട്ടികയിൽ നിന്നുതന്നെ നിയമനം നടത്തിയിരുന്നുവെങ്കിൽ പ്രസ്തുത റാങ്ക് പട്ടികയിലുൾപ്പെട്ട ശ്രീ. സുരേന്ദ്രൻ. കെ., ശ്രീമതി. സുഭാഷിണി. വി. എന്നിവർക്ക് നിയമന ശിപാർശ

ലഭിക്കുമായിരുന്നുവെന്ന വസ്തുത സർക്കാർ അംഗീകരിക്കുന്നു. നിലവിലുണ്ടായിരുന്ന യോഗ്യതയുടെ അടിസ്ഥാനത്തിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റ് നിലവിലിരിക്കവേ പ്രസ്തുത തസ്തികയുടെ യോഗ്യതയിൽ സർക്കാർ ഭേദഗതി വരുത്തുകയും എന്നാൽ പ്രസ്തുത ഭേദഗതി നിലവിലുള്ള റാങ്ക് ലിസ്റ്റുകൾക്ക് ബാധകമല്ല എന്നത് സംബന്ധിച്ച് സ്പഷ്ടീകരണം നൽകാത്തതും നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനത്തെ പ്രതികൂലമായി ബാധിച്ചതായും ആയതിലൂടെ അർഹതയുണ്ടായിരുന്നിട്ടും ഹർജിക്കാർക്ക് നിയമനം ലഭിയ്ക്കാത്ത സാഹചര്യം സംജാതമായി എന്നും സർക്കാർ മനസ്സിലാക്കുന്നു. ഹർജിക്കാരുടെ നിയമനം നൽകണമെന്ന ആവശ്യത്തിന്മേൽ കെ.എസ്. & എസ്.എസ്.ആർ. ഭാഗം II ചട്ടം 39 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ വിവേചനാധികാരം വിനിയോഗിക്കുന്നത് ഉചിതമാകുമെന്ന് സർക്കാർ കരുതുന്നു.

5. മേൽ വിവരിച്ച സാഹചര്യത്തിൽ 18/08/2015-ൽ റദ്ദായ കാസറഗോഡ് ജില്ലയിലെ ക്ലർക്ക്-ടൈപ്പിസ്റ്റ് റാങ്ക് പട്ടികയിൽ (കാറ്റഗറി നം. 17/2006) ഉൾപ്പെട്ടിരുന്ന ശ്രീ. സുരേന്ദ്രൻ. കെ., ശ്രീമതി. സുഭാഷിണി. വി. എന്നിവർക്ക് കാസറഗോഡ് ജില്ലയിൽ ആരോഗ്യ വകുപ്പിൽ ക്ലർക്ക്-ടൈപ്പിസ്റ്റ് തസ്തികയിൽ നിലവിലുള്ള ഏതെങ്കിലും ഒഴിവുകളിലേക്ക് കെ.എസ്. & എസ്.എസ്.ആർ. ഭാഗം II ചട്ടം 39 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ വിവേചനാധികാരം പ്രയോഗിച്ചുകൊണ്ട് നിയമനം നൽകുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

6. ശ്രീ. സുരേന്ദ്രൻ. കെ., ശ്രീമതി. സുഭാഷിണി. വി. എന്നിവർക്ക് നിയമനം നൽകുന്നതിനുള്ള നടപടി ആരോഗ്യ വകുപ്പ് ഡയറക്ടർ അടിയന്തരമായി സ്വീകരിക്കേണ്ടതാണ്.

7. പരാമർശം (9)-ാമതായി വായിച്ച ബഹു. ഹൈക്കോടതിയുടെ വിധിന്യായം മേൽ പ്രകാരം നടപ്പിലാക്കിക്കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**കെ ആർ ജ്യോതിലാൽ**
**പ്രിൻസിപ്പൽ സെക്രട്ടറി**

ശ്രീമതി. സുഭാഷിണി.വി., സംഗമം ഹൗസ്,
പെരോൾ പി.ഒ., നീലേശ്വരം, കാസറഗോഡ് - 671 314.
ശ്രീ. സുരേന്ദ്രൻ.കെ.
നെല്ലിയുള്ളപറമ്പത്ത് ഹൗസ്, മൊകേരി പി.ഒ., കോഴിക്കോട് - 673 507.
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).
അഡ്വക്കേറ്റ് ജനറൽ (കേരളം), എറണാകുളം (ആമുഖ കത്ത് സഹിതം).
ഗവർണറുടെ സെക്രട്ടറിക്ക് (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്.
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (അടിയന്തര തുടർ നടപടിയ്ക്കായി).
നിയമ വകുപ്പ് (5851/ഒപ്പീനിയൻ ഇ 1/2022/നിയമം നമ്പർ ഫയൽ പ്രകാരം).
പൊതുഭരണ (എസ്.സി.) വകുപ്പ് [25/5/2022 ലെ ഇനം നം. 747 പ്രകാരം].
ആരോഗ്യ കുടുംബക്ഷേമ വകുപ്പ് (അടിയന്തര തുടർ നടപടിയ്ക്കായി).
വിവര പൊതുജനസമ്പർക്ക (Web & New Media) വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേയ്ക്കായി).
ഓഫീസ് പകർപ്പ്/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം,

Dileep D

സെക്ഷൻ ഓഫീസർ.

രഹസ്യം

**കേരള സർക്കാർ**

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 25-05-2022**

ഫയൽ നം. റൂൾസ്-2/18/2021/ഉഭപവ. ഇനം നം: 747

വിഷയം : ഉദ്യോഗസ്ഥ-ഭരണ പരിഷ്കാര വകുപ്പ് - കാസറഗോഡ് ജില്ലയിലെ റദ്ദായ ക്ലർക്ക്-ടൈപ്പിസ്റ്റ് റാങ്ക് പട്ടികയിൽ (കാറ്റഗറി നം.17/2006) ഉൾപ്പെട്ടിരുന്ന ശ്രീ. കെ. സുരേന്ദ്രൻ, ശ്രീമതി. സുഭാഷിണി. വി., എന്നിവർക്ക് ബഹു. ഹൈക്കോടതിയുടെ ഉത്തരവ് പാലിച്ചുകൊണ്ട് കെ.എസ്. & എസ്.എസ്.ആർ. ഭാഗം II ചട്ടം 39 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ വിവേചനാധികാരം പ്രയോഗിച്ചുകൊണ്ട് നിയമനം നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്.

# കേരള സർക്കാർ
# (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. ഫയൽ നമ്പർ | : | റൂൾസ്-2/18/2021/ഉ.ഭ.പ.വ. |
| 2. വകുപ്പ് | : | ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്) വകുപ്പ് |
| 3. വിഷയം | : | കാസറഗോഡ് ജില്ലയിലെ റദ്ദായ ക്ലർക്ക്-ടൈപ്പിസ്റ്റ് റാങ്ക് പട്ടികയിൽ (കാറ്റഗറി നം. 17/2006) ഉൾപ്പെട്ടിരുന്ന ശ്രീ. കെ. സുരേന്ദ്രൻ, ശ്രീമതി. സുഭാഷിണി. വി. എന്നിവർക്ക്,ബഹു. ഹൈക്കോടതിയുടെ ഉത്തരവ് പാലിച്ചുകൊണ്ട്, കെ.എസ്. & എസ്.എസ്.ആർ. ഭാഗം II ചട്ടം 39 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ വിവേചനാധികാരം പ്രയോഗിച്ചുകൊണ്ട് നിയമനം നൽകുന്നത് സംബന്ധിച്ച്. |
| 4. മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 05/05/2022 |
| 5. (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | ഇല്ല |
| (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ബാധകമല്ല |
| 6. മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്, നിയമ വകുപ്പ് |
| 7. കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | : | ശ്രീ. സിജു ജേക്കബ് |
| 8. കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. ആഷ തോമസ് |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 07/05/2022 |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വി.പി.ജോയ് |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 17/05/2022 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ |
| 13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 20/05/2022 |
| 14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിക്കുന്ന തീയതി | : | 23/05/2022 |
| 15. മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | 25/05/2022 |
| 16. തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | സ.ഉ.(കൈ) നം.10/2022/ഉ.ഭ.പ.വ. തീയതി: 27-05-2022 |

## മന്ത്രിസഭയോഗത്തിനുള്ള കുറിപ്പ്

OP(KAT)343/2021 നമ്പരായുള്ള കേസിൻമേൽ 19.01.2022-ൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിനടിസ്ഥാനത്തിൽ 18/08/2015-ൽ റദ്ദായ കാസറഗോഡ് ജില്ലയിലെ ക്ലർക്ക്-ടൈപ്പിസ്റ്റ് റാങ്ക് പട്ടികയിൽ (കാറ്റഗറി നം. 17/2006) ഉൾപ്പെട്ടിരുന്ന ശ്രീ. കെ. സുരേന്ദ്രൻ, ശ്രീമതി. സുഭാഷിണി. വി. എന്നിവർക്ക് കാസറഗോഡ് ജില്ലയിൽ ആരോഗ്യ വകുപ്പിൽ ക്ലർക്ക്-ടൈപ്പിസ്റ്റ് തസ്തികയിൽ നിലവിലുള്ള ഒഴിവുകളിലേക്ക് കെ.എസ്. & എസ്.എസ്.ആർ. ഭാഗം II ചട്ടം 39 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ വിവേചനാധികാരം പ്രയോഗിച്ചുകൊണ്ട് നിയമനം നൽകുന്ന വിഷയമാണ് ഈ കുറിപ്പിൽ പരിശോധിക്കുന്നത്.

2. കാസറഗോഡ് ജില്ലയിൽ കാറ്റഗറി നമ്പർ 17/2006 ആയ ക്ലർക്ക്-ടൈപ്പിസ്റ്റ് തസ്തികയുടെ റാങ്ക് പട്ടിക 17/02/2011-ൽ പ്രസിദ്ധീകരിച്ചു. ശ്രീമതി. സുഭാഷിണി. വി., ശ്രീ. സുരേന്ദ്രൻ. കെ., ശ്രീമതി. ബിന്ദു. റ്റി. എന്നിവർ പ്രസ്തുത റാങ്ക് പട്ടികയിൽ യഥാക്രമം 29, 30, 33 എന്നീ റാങ്കുകളോടെ ഉൾപ്പെട്ടു. 20/12/2008-ൽ ക്ലർക്ക്-ടൈപ്പിസ്റ്റിന്റെ യോഗ്യത നിശ്ചയിച്ചുകൊണ്ട് പുറപ്പെടുവിച്ച G.O(P) No 11/2008/P&ARD ഉത്തരവ് പ്രകാരം അന്ന് നിലവിലുണ്ടായിരുന്ന എൽ.ഡി. ടൈപ്പിസ്റ്റിന്റെയും ക്ലർക്ക്-ടൈപ്പിസ്റ്റിന്റെയും യോഗ്യതകളിൽ സമാനത വരികയും പി.എസ്.സി. സർക്കാരിൽ നിന്ന് ടി വിഷയത്തിൽ യാതൊരു വ്യക്തതയും തേടാതെ 20/12/2008-നുശേഷം റിപ്പോർട്ട് ചെയ്ത ക്ലർക്ക്-ടൈപ്പിസ്റ്റ് ഒഴിവുകൾ പ്രസ്തുത ജില്ലയിൽ നിലവിലുണ്ടായിരുന്ന എൽ.ഡി. ടൈപ്പിസ്റ്റ് റാങ്ക് പട്ടികയിൽ നിന്നും നികത്തുവാൻ തീരുമാനിക്കുകയും ചെയ്തു. പിന്നീട് 06/02/2012-ൽ ചേർന്ന കമ്മീഷൻ യോഗത്തിലെ 12-ാം നമ്പർ തീരുമാന പ്രകാരം ടി നടപടി പുനഃപരിശോധിക്കുകയും ക്ലർക്ക്-ടൈപ്പിസ്റ്റിന്റെ നിയമനങ്ങൾ ക്ലർക്ക് ടൈപ്പിസ്റ്റ് തസ്തികയ്ക്ക് വേണ്ടിമാത്രം 17.02.2011-ൽ പ്രസിദ്ധീകരിച്ച പട്ടികയിൽ നിന്നുതന്നെ നടത്തുവാനും എൽ.ഡി. ടൈപ്പിസ്റ്റ് റാങ്ക് പട്ടികയിൽ നിന്നും നടത്തിയ നിയമന ശിപാർശ സംബന്ധിച്ച് പുനഃപരിശോധന ഉണ്ടാകുന്നതല്ലെന്ന് തീരുമാനിക്കുകയും ചെയ്തു.

3. 17/02/2011-ൽ പ്രസിദ്ധീകരിച്ച കാസറഗോഡ് ജില്ലയിലെ ക്ലർക്ക്-ടൈപ്പിസ്റ്റ് റാങ്ക് പട്ടികയുടെ കാലാവധി 18/08/2015-ൽ അവസാനിച്ചു. നിയമന ശിപാർശ ലഭിക്കാത്തതിനെത്തുടർന്ന് ശ്രീ. സുരേന്ദ്രൻ. കെ., ശ്രീമതി. സുഭാഷിണി. വി., ശ്രീമതി. ബിന്ദു. റ്റി.

എന്നിവർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ OA (EKM) 1094/2015 ഫയൽ ചെയ്യുകയും ആയതിന്മേലുള്ള 04/08/2017-ലെ ഉത്തരവിൽ ബഹു. ട്രിബ്യൂണൽ അപേക്ഷകരുടെ നിയമനത്തിനുള്ള അവകാശം നിഷേധിക്കപ്പെട്ടു എന്ന് നിരീക്ഷിക്കുകയും കെ.എസ്. & എസ്.എസ്.ആർ. ഭാഗം II ചട്ടം 39 പ്രകാരം സർക്കാരിനുള്ള പ്രത്യേക അധികാരം ഉപയോഗിച്ച് പരാതിക്കാരുടെ ആവശ്യം പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിക്കാൻ സർക്കാരിന് നിർദ്ദേശം നൽകുകയും ചെയ്തു.

4. വിധിന്യായത്തിൽ നിർദ്ദേശിച്ചതിൻപ്രകാരം പരാതിക്കാരെ നേരിൽ കേൾക്കുകയും ടി വിഷയത്തിന്മേൽ പി.എസ്.സി.-യുടെ ഉപദേശം ലഭ്യമാക്കുകയും ചെയ്തു. പ്രസ്തുത റാങ്ക് പട്ടികയിൽ നിന്നും 34 നിയമന ശിപാർശകൾ നൽകിയിട്ടുണ്ടെന്നും ക്ലർക്ക്-ടൈപ്പിസ്റ്റ് തസ്തികയിലെ 11 ഒഴിവുകൾ എൽ.ഡി. ടൈപ്പിസ്റ്റ് റാങ്ക് പട്ടികയിൽ നിന്നും നികത്തിയിട്ടുണ്ടെന്നും പി.എസ്.സി. അറിയിച്ചു. 11 ഒഴിവുകൾ ക്ലർക്ക്-ടൈപ്പിസ്റ്റ് പട്ടികയിൽ നിന്നുതന്നെ നികത്തിയിരുന്നെങ്കിൽ ശ്രീമതി. സുഭാഷിണി. വി., ശ്രീ. സുരേന്ദ്രൻ. കെ. എന്നിവർക്ക് സാമൂഹ്യനീതി, ആരോഗ്യം എന്നീ വകുപ്പുകളിൽ നിയമനം ലഭിക്കുമായിരുന്നെന്നും ഈ കേസിലെ മറ്റൊരു ഹർജിക്കാരിയായ ശ്രീമതി. ബിന്ദു. റ്റി. നിയമന ശിപാർശയ്ക്കർഹത നേട്ടമായിരുന്നില്ലെന്നും പി.എസ്.സി. അറിയിച്ചു. പ്രസ്തുത ഉത്തരവ് പരിശോധിച്ച നിയമവകുപ്പ് സർക്കാർ സർവീസിലേക്ക് പ്രവേശിക്കപ്പെടുന്നതിനുള്ള നിയമാനുസൃതമായ യോഗ്യതകൾ നേടിയിട്ടുള്ളവരും പബ്ലിക് സർവീസ് കമ്മീഷൻ മുഖേനയുള്ള തെരെഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയാക്കിയിട്ടുള്ളവരുമായ ഹർജിക്കാരുടെ ആവശ്യത്തിന്മേൽ സർക്കാരിന് കെ.എസ്. & എസ്.എസ്.ആർ. ഭാഗം II ചട്ടം 39 പ്രകാരമുള്ള അധികാരം വിനിയോഗിക്കാവുന്നതാണ് എന്നഭിപ്രായപ്പെട്ടു.

5. അപേക്ഷകർക്ക് നിയമനത്തിന് അർഹതയുണ്ടായിരുന്നുവെന്ന പി എസ് സി യുടെയും നിയമവകുപ്പിന്റെയും ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ കാസറഗോഡ് ജില്ലയിൽ ആരോഗ്യം, സാമൂഹ്യനീതി വകുപ്പുകളിൽ ക്ലർക്ക്-ടൈപ്പിസ്റ്റ് തസ്തികയിൽ ഒഴിവുണ്ടോയെന്ന വിവരം ആരാഞ്ഞു. നിലവിൽ ഒഴിവില്ലെന്നും സമീപഭാവിയിൽ ഒഴിവുണ്ടാകാൻ സാധ്യതയില്ലെന്നും സാമൂഹ്യ നീതി വകുപ്പ് അറിയിച്ചിരുന്നു. ആരോഗ്യ വകുപ്പിൽ കാസറഗോഡ് ജില്ലയിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത 3 ഒഴിവുകളിൽ ഒരൊഴിവ് പി.എസ്.സി.

തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് മാറ്റിവച്ചിട്ടുള്ളതായും മറ്റ് രണ്ട് ഒഴിവുകളിൽ ഒന്ന് OX കമ്മ്യൂണിറ്റിക്കും മറ്റൊന്ന് Differently abled (low vision)-നും മാറ്റിവച്ചിട്ടുണ്ടെന്നും, നിലവിലുണ്ടായിരുന്ന റാങ്ക് പട്ടികയിൽ മേൽ സംവരണ പട്ടികവിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ ഇല്ലെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ സർക്കാരിനെ അറിയിക്കുകയുണ്ടായി. പ്രസ്തുത സാഹചര്യത്തിൽ ശ്രീമതി. സുഭാഷിണിക്കും, ശ്രീ. സുരേന്ദ്രനും മന്ത്രിസഭയുടെ അനുമതിയോടെ കെ.എസ്. & എസ്.എസ്.ആർ. ഭാഗം II ചട്ടം 39 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ വിവേചനാധികാരം ഉപയോഗിച്ചുകൊണ്ട് കാസറഗോഡ് ജില്ലയിൽ ആരോഗ്യ വകുപ്പിൽ ക്ലർക്ക്-ടൈപ്പിസ്റ്റ് തസ്തികയിൽ നിലവിലുള്ള ഒഴിവുകളിൽ നിയമനം നൽകുക എന്ന വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിച്ചു എന്നാൽ മന്ത്രിസഭ ഈ നിർദ്ദേശം അംഗീകരിച്ചില്ല. മന്ത്രിസഭയുടെ തീരുമാനത്തിനടിസ്ഥാനത്തിൽ അപേക്ഷകരുടെ ആവശ്യം നിരാകരിച്ച് സർക്കാർ സ.ഉ. (എം.എസ്.) നം. 6/2020/ഉ.ഭ.പ.വ. തീയതി 29.05.2020 ഉത്തരവ് പുറപ്പെടുവിച്ചു.

6. ടി ഉത്തരവിനെതിരെ ശ്രീ. സുരേന്ദ്രൻ. കെ., ശ്രീമതി. സുഭാഷിണി എന്നിവർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ OA (EKM) 1432/2020 ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത അന്യായത്തിൽ 26/10/2021-ൽ പുറപ്പെടുവിച്ച ഉത്തരവിൽ ചട്ടം 39 പ്രയോഗിക്കുന്നത് സംബന്ധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതിന് സർക്കാരിനുള്ള വിവേചനാധികാരം ട്രിബ്യൂണൽ ശരിവയ്ക്കുകയുണ്ടായി. ടി ഉത്തരവിനെതിരെ അപേക്ഷകർ ബഹു. ഹൈക്കോടതിയെ സമീപിക്കുകയും OP KAT 343/2021 ഫയൽ ചെയ്യുകയും ചെയ്തു. ബഹു. ഹൈക്കോടതി 19/01/2022-ലെ വിധിന്യായത്തിൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 26/10/2021-ലെ ഉത്തരവിനെ അസാധുവാക്കുകയും 29/05/2020-ൽ പുറപ്പെടുവിച്ച സ.ഉ. (എം.എസ്.) നം. 6/2020/ഉ.ഭ.പ.വ. ഉത്തരവ് റദ്ദാക്കുകയും ചെയ്തു. പരാതിക്കാരുടെ ദുരവസ്ഥ പരിഗണിച്ച് നിയമനം സംബന്ധിച്ച വിഷയം അർഹിക്കുന്ന അനുകമ്പയോടെ പരിശോധിക്കുന്നതിനും KS&SSR ചട്ടം 39 അനുശാസിക്കുന്ന അധികാരം പ്രയോഗിച്ച് രണ്ടു മാസത്തിനുള്ളിൽ തീർപ്പാക്കുന്നതിനും ബഹു. ഹൈക്കോടതി ഉത്തരവായി. അഡ്വൈസ് മെമ്മോ ലഭിക്കുമായിരുന്നു എന്നത് നിസ്തർക്ക വിഷയമായിരുന്നിട്ടും റാങ്ക് ലിസ്റ്റ് റദ്ദായി എന്ന കാരണത്താൽ സർക്കാർ നിയമപരമല്ലാതെ വർത്തിച്ചതിനാലാണ് അപേക്ഷകർക്ക് നിയമന വിഷയവുമായി സംസ്ഥാന ഗവൺമെന്റിനെ സമീപിക്കേണ്ടി വന്നത് എന്നും നിരീക്ഷിക്കുകയുണ്ടായി.

7. OP KAT 343/2021 മേലുള്ള വിധിന്യാത്തിന്റെ അടിസ്ഥാനത്തിൽ നിയമവകുപ്പ് ചുവടെ ചേർത്തിട്ടുള്ള അഭിപ്രായം നൽകിയിരുന്നു :-

"1. ശ്രീമതി സുഭാഷിണി വി, ശ്രീ.സുരേന്ദ്രൻ.കെ,ശ്രീമതി ബിന്ദു ടി എന്നിവർ ഉൾപ്പെട്ട കാറ്റഗറി നമ്പർ 17/2006 ആയ ക്ലർക്ക് - ടൈപ്പിസ്റ്റ് തസ്തികയുമായി ബന്ധപ്പെട്ട് പബ്ലിക് സർവ്വീസ് കമ്മീഷൻ പ്രസിദ്ധീകരിച്ചിരുന്നതും 18/08/2015 ന് റദ്ദായിട്ടുള്ളതുമായ റാങ്ക് പട്ടികയിൽ നിന്നും ഹർജിക്കാർക്ക് നിയമനം നൽകണം എന്ന ആവശ്യം ഉന്നയിച്ച് ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്തിരുന്ന OP(KAT) NO. 343 OF 2021 നമ്പർ ഹർജിയിൽ ബഹു. കോടതി പുറപ്പെടുവിച്ചിട്ടുള്ള വിധിന്യായമാണ് ഫയലിലെ പ്രതിപാദ്യ വിഷയം. ബഹു.ഹൈക്കോടതി OP(KAT) NO.343 OF 2021 നമ്പർ കേസിൽ നടത്തിയിട്ടുള്ള നിരീക്ഷണങ്ങളുടെ പ്രസക്ത ഭാഗങ്ങൾ ചുവടെ ചേർക്കുന്നു.-

'........Ordinarily, in a matter of this nature, it goes without saying that, once a selection process is set in motion, there is no question of changing the rules of the game subsequently. The elementary principle of service jurisprudence in that regard does not require the citation of any judicial authority. Therefore, in the fitness of things, the Government should have clarified in Annexure A6 G.O. dated 01.07.2011 itself that the revised qualifications will be applicable only for the selection notifications issued by the respondent PSC, on or after the issuance of Annexure-A6 G.O. dated 01.07.2011 and not in respect of the selections carried out on the basis of selection notifications issued prior thereto. That elementary aspect of the matter was completely bypassed and overlooked by the State Government...........

...........There is no dispute that if elementary position in Annexure-AS has been clarified in Annexure-A6 itself, then both the applicants who are having rank Nos.29 & 30 as per Annexure-A, would have certainly received advice memos for appointment to the post of Clerk-Typist, in Kasaragod district in the two departments mentioned in the pleadings of the respondent PSC,......

..........So, the Tribunal was right in observing in the previous round of litigation that the petitioners have been deprived of their turn for advice only because of the above said issues arising out of

Annexue-A6, issued at the hands of the respondent State Government..........

13. It is common ground of all the parties that the ranked list had expired by then and it is precisely due to the expiry of the ranked list that the applicants were constrained to approach the State Government to exercise the powers under Rule 39 of Part II of KS & SSR..........

................Now, the sole ground of rejection raised by the State Government in Annexure-A17 is that they cannot intervene in the matter and they have to keep their hands off, as the ranked list has expired by then. The said ground of rejection cannot be said to be a relevant ground of rejection at all and the same is nothing but an irrelevant ground of rejection, which has vitiated the decision making process..........

........The sole ground of rejection is untenable as it is completely irrelevant for the purpose of consideration and hence, the matter would require interdiction in judicial review proceedings. The contrary view taken by the Tribunal is not justifiable in the eyes of law.'

പ്രസ്തുത കേസിൽ ബഹു. ഹൈക്കോടതിയുടെ മേൽ പ്രസ്താവിച്ചിട്ടുള്ളതുൾപ്പെടെയുള്ള നിരീക്ഷണങ്ങളുടെയും കണ്ടെത്തലുകളുടെയും അടിസ്ഥാനത്തിൽ ഹർജി സംബന്ധിച്ച വിഷയം പുതുതായി പരിഗണിയ്ക്കുന്നതിനാണ് ഉത്തരവായിട്ടുള്ളത്. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളും ബഹു.കോടതി വിശകലനം ചെയ്തിട്ടുണ്ട്. നിലവിലുണ്ടായിരുന്ന യോഗ്യതയുടെ അടിസ്ഥാനത്തിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റ് നിലവിലിരിക്കവേ പ്രസ്തുത തസ്തികയുടെ യോഗ്യതയിൽ സർക്കാർ ഭേദഗതി വരുത്തുകയും എന്നാൽ പ്രസ്തുത ഭേദഗതി നിലവിലുള്ള റാങ്ക് ലിസ്റ്റുകൾക്ക് ബാധകമല്ല എന്നത് സംബന്ധിച്ച് സ്പഷ്ടീകരണം നൽകാത്തതും നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനത്തെ പ്രതികൂലമായി ബാധിച്ചതായും ആയതിലൂടെ, അർഹതയുണ്ടായിരുന്നിട്ടും ഹർജിക്കാർക്ക് നിയമനം ലഭിയ്ക്കാത്ത സാഹചര്യം സംജാതമായി എന്നും ബഹു. കോടതി നിരീക്ഷിയ്ക്കുന്നു. ആയതിനാൽ ഹർജിക്കാരുടെ ആവശ്യത്തിൽ സഹതാപാർദ്രവും അനുകമ്പാപരവുമായ സമീപനമാണ് സർക്കാരിന്റെ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടത് എന്നതാണ് ബഹു.കോടതി ഉത്തരവിന്റെ അന്തസ്സത്ത. ഇതു സംബന്ധിച്ച് KS &SSR-ലെ 39 -ാം ചട്ടം അനുശാസിക്കുന്ന പ്രകാരം സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം വിനിയോഗിയ്ക്കുന്നത് സംബന്ധിച്ച് നിയമവകുപ്പ് 19/03/2020 തീയതിയിൽ

5559/ഉപദേശം ഇ 1/2020/നിയമം നമ്പരായി ഭരണവകുപ്പിന്റെ ഫയലിൽ നൽകിയിട്ടുള്ള അഭിപ്രായത്തിലേയ്ക്ക് ശ്രദ്ധ ക്ഷണിയ്ക്കുന്നു. ആയതിന്റെ കൂടി അടിസ്ഥാനത്തിൽ ബഹു. ഹൈക്കോടതിയുടെ വിധിന്യായത്തിലെ നിർദ്ദേശത്തിന്മേൽ തുടർ നടപടി സ്വീകരിയ്ക്കുന്നത് സംബന്ധിച്ച് ഭരണ വകുപ്പിന് പരിശോധിയ്ക്കാവുന്നതാണ് എന്ന് ഭരണവകുപ്പിനെ അറിയിക്കാവുന്നതാണ്."

8. OP (KAT) 343/2021 ലെ വിധിന്യായത്തിൽ ബഹു. ഹൈക്കോടതിയുടെ നിരീക്ഷണങ്ങൾ സ്പഷ്ടമാക്കുന്നത് ശ്രീ. സുരേന്ദ്രൻ. കെ., ശ്രീമതി. സുഭാഷിണി. വി. എന്നിവർക്ക്, അർഹമായ നിയമനം നൽകുന്നതിൽ സർക്കാർ വിശേഷ അധികാരം പ്രയോഗിക്കുകയുണ്ടായില്ല എന്നതാണ്. പി.എസ്.സി. ക്ലർക്ക്-ടൈപ്പിസ്റ്റ് റാങ്ക് പട്ടികയിൽ നിന്നുതന്നെ നിയമനം നടത്തിയിരുന്നു വെങ്കിൽ റാങ്ക് പട്ടിക റദ്ദായ 18/08/2015-നു മുൻപുതന്നെ ടിയാളുകൾക്ക് നിയമനം ലഭിക്കുമായിരുന്നു. ഈ വിഷയത്തിൽ സഹതാപാർദ്രമായ സമീപനമാണ് സർക്കാരിന്റെ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടത് എന്ന ബഹു.കോടതി ഉത്തരവിന്റെ അന്തസ്സത്ത പരിഗണിക്കുമ്പോൾ ഹർജിക്കാർക്ക് നിയമനം നൽകുന്നത് നീതിയുക്തവും ഉചിതവുമായിരിക്കും എന്ന് കാണുന്നു. നിയമനം ലഭിക്കുന്നതിൽ 6 വർഷത്തിനു മുകളിൽ കാലവിളംബം ഉണ്ടായിട്ടുണ്ടെങ്കിലും സർക്കാരിന്റെ വിശേഷാധികാരം പ്രയോഗിച്ച് അപേക്ഷകർക്ക് നിയമനം നൽകുന്ന പക്ഷം ടിയാളുകൾക്ക് സംഭവിച്ച നീതിനിഷേധം ഒരു പരിധിവരെയെങ്കിലും പരിഹരിക്കാനാവുമെന്ന് കാണുന്നു. മാത്രമല്ല, രണ്ട് ഹർജിക്കാർക്കും ശേഷിക്കുന്ന സർവ്വീസ് കാലയളവ് തുലോം തുച്ഛമാണ്. പ്രസ്തുത സാഹചര്യത്തിൽ ബഹു. ഹൈക്കോടതി OP (KAT) 343/2021 വിധിന്യായത്തിൽ നടത്തിയിരിക്കുന്ന നിരീക്ഷണങ്ങളുടെയും ഉത്തരവിന്റെയും അടിസ്ഥാനത്തിൽ ഹർജിക്കാർക്ക് സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള വിശേഷാധികാരം പ്രയോഗിച്ച് കാസറഗോഡ് ജില്ലയിൽ ക്ലർക്ക്-ടൈപ്പിസ്റ്റ് തസ്തികയിൽ നിയമനം നൽകുന്നത് ഉചിതവും നീതിപൂർവവുമായിരിക്കും.

9. അപേക്ഷകരുടെ ആവശ്യം നിരസിച്ചുകൊണ്ടു 29.05.2020-ലെ സ.ഉ. (എം.എസ്.) നം. 6/2020/ഉ.ഭ.പ.വ ഉത്തരവ് പുറപ്പെടുവിച്ചിരുന്നതു മന്ത്രിസഭയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്. കൂടാതെ ഹർജിക്കാരുടെ ആവശ്യം നടപ്പിലാക്കുന്നതിനായി KS&SSR ഭാഗം II ചട്ടം 39 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിക്കണമെന്ന്

ബഹു. ഹൈക്കോടതി OP(KAT) 343/2021-ലെ വിധിന്യായത്തിൽ നിർദ്ദേശിച്ചിട്ടുമുണ്ട്. ടി സാഹചര്യത്തിൽ OP (KAT) 343/2021 വിധിന്യായ പ്രകാരം KS&SSR Rule 39 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ചുകൊണ്ട് ശ്രീ സുരേന്ദ്രൻ. കെ., ശ്രീമതി. സുഭാഷിണി. വി. എന്നിവർക്ക് കാസറഗോഡ് ജില്ലയിലെ ക്ലർക്ക്-ടൈപ്പിസ്റ്റ് തസ്തികയിൽ നിയമനം നൽകുന്ന വിഷയം മന്ത്രിസഭയുടെ മുൻപാകെ സമർപ്പിക്കാമോ എന്നതിൽ ഉത്തരവിനായി ഫയൽ ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനക്ക് സമർപ്പിക്കുന്നതിന് ഉത്തരവിടുകയുണ്ടായി.

## തീരുമാനമെടുക്കേണ്ട സംഗതി

കാസറഗോഡ് ജില്ലയിലെ 18/08/2015-ൽ റദ്ദായ ക്ലർക്ക്-ടൈപ്പിസ്റ്റ് റാങ്ക് പട്ടികയിൽ (കാറ്റഗറി നം.17/2006) ഉൾപ്പെട്ടിരുന്ന ശ്രീ. സുരേന്ദ്രൻ. കെ. ശ്രീമതി. സുഭാഷിണി. വി., എന്നിവർക്ക് കെ.എസ്. & എസ്.എസ്.ആർ. ഭാഗം II ചട്ടം 39 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ വിവേചനാധികാരം പ്രയോഗിച്ചുകൊണ്ട് കാസറഗോഡ് ജില്ലയിൽ ആരോഗ്യ വകുപ്പിൽ ക്ലർക്ക്-ടൈപ്പിസ്റ്റ് തസ്തികയിലെ നിലവിലുള്ള ഏതെങ്കിലും ഒഴിവുകളിൽ OP (KAT) No.343/2021 മേലുള്ള ബഹു. ഹൈക്കോടതിയുടെ 19.01.2022 ലെ വിധിന്യായം പാലിച്ചുകൊണ്ട് നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കാമോ ?